**പതിനാലാം കേരളനിയമസഭ**

**ഒന്നാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1355** | **13.07.2016-ൽ മറുപടി നൽകേണ്ടിയിരുന്നത്** |

## വോട്ടർമാരെ സ്വാധീനിക്കാനായി പണം വിതരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.കുഞ്ഞിരാമൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ഇക്കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിലെ ദേലമ്പാടി പഞ്ചായത്തിലെ കോരിക്കണ്ടം ഓധ്യപദവ് എസ്.സി.എസ്.റ്റി കോളനികളിൽ വോട്ടർമാരെ സ്വാധീനിക്കാനായി പണം വിതരണം ചെയ്യുന്നതിനിടെ കാസർഗോഡ് എസ്.ബി.ഐ. മാനേജർ സുബ്രാനാ, എസ്.സി പ്രമോട്ടറായ ഗോപാലൻ, അർത്യ ലോഹിത്, പ്രശാന്ത് എന്നിവരേയും കെ.എൽ 14-M-8384 വാഹനവും പിടികൂടി പോലീസിൽ ഏൽപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ദേലമ്പാടി പഞ്ചായത്തിലെ കോരിക്കണ്ടം ഓധ്യപദവ് എന്ന സ്ഥലത്തു കെ.എൽ.14-M-8384 വാഹനത്തെ നൂറോളം ആൾക്കാർ തടഞ്ഞുവെച്ചിട്ടുണ്ട് എന്ന് അഡൂർ സബ് ഇൻസ്പെക്ടർക്ക് ഫോൺ സന്ദേശം ലഭിച്ചതു പ്രകാരം സ്ഥലത്തു സബ് ഇൻസ്പെക്ടർ എത്തുകയും അവിടെ ഒരു കൂട്ടം ആൾക്കാർ മേൽപ്പറഞ്ഞ വാഹനത്തെ തടഞ്ഞുവയ്ക്കുകയും പ്രസ്തുത വാഹനത്തെ തടഞ്ഞുവെച്ച ആൾക്കാർ ടി വാഹനവും അതിലുള്ളവരെയും പരിശോധിക്കണമെന്നും അതിൽ വോട്ടർമാർക്ക് വിതരണം ചെയ്യാനുള്ള പണം ഉണ്ടെന്ന് പറഞ്ഞതിൻ പ്രകാരം സ്ഥലത്തുണ്ടായിരുന്ന ആൾക്കാരുടെ സാന്നിദ്ധ്യത്തിൽ ടി വാഹനവും അതിലുണ്ടായിരുന്നവരെയും പരിശോധിച്ചിട്ടുള്ളതും വാഹനത്തിൽ നിന്നോ ആൾക്കാരിൽ നിന്നോ നിയമവിരുദ്ധമായി യാതൊന്നും കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ വാഹനവും അതിലുണ്ടായിരുന്നവരെയും സ്ഥലത്തുണ്ടായിരുന്ന ആൾക്കാരുടെ മുമ്പിൽ വെച്ചു തന്നെ വിട്ടയച്ചിട്ടുള്ളതുമാണ്. |
| (ബി) ഇതു സംബന്ധിച്ച് എൽ.ഡി.എഫ് സ്ഥാനാർത്ഥിയുടെ ചീഫ് ഇലക്ഷൻ ഏജന്റ് നൽകിയ പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഉദുമ നിയോജകമണ്ഡലം വരണാധികാരി ടി പരാതിയിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി ഫോൺ മുഖാന്തിരം അഡൂർ പോലീസ് അധികൃതർക്ക് നിർദ്ദേശം നൽകിയിരുന്നു. |
| (സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കലക്ടർക്കും റിട്ടേണിങ്ങ് ഓഫീസർക്കും നൽകിയ പരാതി ജില്ലാ കളക്ടർ അന്വേഷണത്തിനായി ജില്ലാ പോലീസ് മേധാവിക്ക് കൈമാറിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (സി) പ്രസ്തുത പരാതി ജില്ലാ കളക്ടർ ജില്ലാ പോലീസ് മേധാവിയ്ക്ക് കൈമാറിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിലെ രേഖകൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത പരാതി കിട്ടിയതായി കാണുന്നില്ല. ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ നിന്നുള്ള കൈപ്പറ്റ് രസീതും കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |
| (ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ഡി) ഇല്ല. ടി സംഭവുമായി ബന്ധപ്പെട്ട് നിയമ പ്രകാരമുള്ള കുറ്റകൃത്യങ്ങളൊന്നും കണ്ടെത്തിയിട്ടില്ലാത്തതിനാൽ കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**